# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

എം.ജി. സർവ്വകലാശാലയുടെ കോഴ്സുകളുടെ നാമധേയങ്ങളിലുള്ള മാറ്റം- എലിജിബിലിറ്റി/ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് - അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശുപാർശ-അംഗീകരിച്ചുകൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് 'ഡി' വിഭാഗം**

നം.5617/എസി.ഡി./04/2017/അക്കാദമിക് തീയതി, പി.ഡി ഹിൽസ് 19.09.2017

---

സൂചന: 1. 28.06.2017ൽ നടത്തിയ അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ വൈസ് ചാൻസിലർ സമർപ്പിച്ച ഇതര വിഷയം.

## ഉത്തരവ്

മറ്റ് സർവ്വകലാശാലകളുടെ നിരവധി കോഴ്സുകൾ മഹാത്മാ ഗാന്ധി സർവ്വകലാശാല സമാനമായ ബിരുദങ്ങളുമായി തുല്യതപ്പെടുത്തി കാലാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ളതാണ്. ഇങ്ങനെ തുല്യത അംഗീകാരം നൽകിയിട്ടുള്ള എം.ജി സർവ്വകലാശാലയുടെ പല കോഴ്സുകളുടെയും നാമധേയങ്ങൾ പിന്നീട് മാറ്റുവാനിടയായിട്ടുണ്ട്. ഇതു മൂലം തുല്യത സർട്ടിഫിക്കറ്റുകൾ നൽകുന്നതിനു തടസ്സങ്ങൾ ഉണ്ടായിരിക്കുന്നു. സൂചന (1) പ്രകാരം അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും ഇപ്രകാരം ശുപാർശ നൽകുകയും ചെയുതു, "എം.ജി സർവ്വകലാശാല, ഇതര സർവ്വകലാശാലകളുടെ ബിരുദങ്ങൾ തുല്യതപ്പെടുത്തി അംഗീകരിച്ചതിനു ശേഷം എം.ജി സർവ്വകലാശാലയുടെ കോഴ്സുകളുടെ പേരുകൾ മാറിയിട്ടുണ്ടെങ്കിൽ ടി കോഴ്സുകൾക്ക് പുതിയ നാമധേയത്തിൽ തുല്യത സാക്ഷ്യപത്രം നൽകാവുന്നതാണ്".

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ആക്ട് 1985 അധ്യായം 3 ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**അംബിക ആർ**

**അസ്സിസ്റ്റൻെറ് രജിസ്ട്രാർ III (അകാദമിക്)**

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. പ്രൈവറ്റ് സെക്രട്ടറി - (വി.സി./പി.വി.സി.)
2. രജിസ്ട്രാറുടെ പി.എ.
3. എ.സി.സി സെക്ഷൻ
4. ഐ.ക്യു.എ.സി.
5. കൻടൻെറ് മാനേജ്മെൻെറ് സെക്ഷൻ
6. കരുതൽ ഫയൽ/ഫയൽ പകർപ്പ്

**വിതരണത്തിനായി അംഗീകരിച്ചത്**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം. എ.സി.ഡി/04/ഇക്വല-പേര് മാറ്റം/2017**